## പതിനാലാം കേരള നിയമസഭ
## 9-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 751** — **24.01.2018 -ൽ മറുപടിയ്ക്ക്**

## ഉത്തരമലബാറിന്റെ ടൂറിസം വികസനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.സി.കൃഷ്ണൻ : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഉത്തരമലബാറിന്റെ ടൂറിസം വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) & (ബി) ഉത്തരമലബാറിന്റെ ടൂറിസം വികസനത്തിനായി പ്രധാന പദ്ധതികളായി കണ്ണൂർ -കാസർഗോഡ് ജില്ലയിലെ നദികളെയും കായലുകളേയും ഉൾപ്പെടുത്തി മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പ്രോജക്റ്റ് ,തലശ്ശേരി പൈതൃകവുമായി ബന്ധപ്പെട്ട ഘടകങ്ങളേയും പ്രദേശങ്ങളേയും ഉൾപ്പെടുത്തി തലശ്ശേരി പൈതൃക പദ്ധതി എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പ്രോജക്റ്റ് ചുവടെ ചേർക്കുന്നു.<br>1) മലബാർ ക്രൂയിസിൻ ക്രൂയിസ്<br>2) തെയ്യം ക്രൂയിസ്<br>3) മാൻഗ്രോവ് ക്രൂയിസ്<br>4) അവയർനസ് ക്രൂയിസ്<br>5) ഡോക്കുമെന്റേഷൻ<br>6) ഇന്റഗ്രേറ്റഡ് കോമ്പ്രിഹെൻസീവ് മോഡേൺ മാർക്കറ്റിംഗ്<br>7) വെബ്സൈറ്റ് ലോഞ്ചിംഗ് & അദർ നെറ്റ് വർക്ക് ഇൻഫ്രാസ്ട്രക്ച്ചർ |
| (ബി) ക്രൂയിസ് ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; അതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിക്കായി 120 കോടി രൂപയുടെ പ്രൊപ്പോസലാണ് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രതിനിധികൾ പ്രസ്തുത പ്രദേശങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ട്. തലശ്ശേരി പൈതൃക പദ്ധതിയെ കണ്ണൂർ, വയനാട് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള കൺസെപ്റ്റ്, വിശദമായ പദ്ധതി രൂപ രേഖ എന്നിവ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ